# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2306

08/07/2015-ൽ മറുപടിക്ക്

## അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി മരുന്നുകൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) സംസ്ഥാനത്ത് ഒരു വർഷം ആവശ്യമായിവരുന്ന അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി മരുന്നുകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ മരുന്നുകളുടെ എത്രശതമാനം കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ? | എ) ഇതു സംബന്ധിച്ച കൃത്യമായ വിവരം കണക്കാക്കിയിട്ടില്ല. ഏകദേശം 6000 കോടി രൂപയുടെ അലോപ്പതി മരുന്ന് സംസ്ഥാനത്ത് ഉപയോഗിക്കുന്നതായാണ് കണക്കാക്കുന്നത്. 2014-15 സാമ്പത്തിക വർഷം ഹോംകോ സംസ്ഥാനത്ത് 13.40 കോടി രൂപയുടെ ഹോമിയോപ്പതി മരുന്നുകൾ ഉല്പാദിപ്പിച്ചിട്ടുണ്ട്. ഭാരതീയ ചികിൽസാ വകുപ്പിനു കീഴിലുള്ള ആയുർവേദ ആശുപത്രികളിലും, ഡിസ്പെൻസറി കളിലും ആവശ്യമായ ഔഷധങ്ങൾ സർക്കാർ ഉടമസ്ഥതയിലുള്ള ഔഷധിയാണ് ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നത്. കൃത്യമായ വിവരം കണക്കാക്കിയിട്ടില്ല.<br>കേരളത്തിൽ ഉപയോഗിക്കുന്ന അലോപ്പതി മരുന്നിന്റെ ഏകദേശം ഒരു ശതമാനം മാത്രമാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്. ആയുർവേദ, ഹോമിയോ മരുന്നുകളുടെ കൃത്യമായ വിവരം കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ